"ഭരണഭാഷ-മാതൃഭാഷ"

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെൻറ് & എഞ്ചിനീയറിംഗ്)
അഞ്ചാം നില, സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ. പി.ഒ
തിരുവനന്തപുരം - 695003

Phone: 0471-2324030
e-mail: celsgd@gmail.com
Website: www.celsgd.kerala.gov.in

നം. എ3/3308/2019/സിഇ/തസ്വഭവ ( LID & EW )　　　　　തീയതി 24.06.2022

## നോട്ടീസ്

വിഷയം — തസ്വഭവ- ആർജിഎസ്എ — കോവിഡ് 19- സ്പെഷ്യൽ കാഷ്വൽ ലീവും ശമ്പളവും അനുവദിക്കുന്നതു സംബന്ധിച്ച്

സൂചന — 1. സ.ഉ( സാധാ) നം. 634 2021 ഡിഎംഡി തീയതി 15.09.2021
2. സ.ഉ( സാധാ) നം. 662 2021 ഡിഎംഡി തീയതി 28.09.2021
3. സ.ഉ( സാധാ) നം. 70 2022 ഡിഎംഡി തീയതി 22.01.2022
4. സ.ഉ( സാധാ) നം. 31 2022 ധന തീയതി 15.03.2021

തദ്ദേശ സ്വയംഭരണ വകുപ്പിൻകീഴിൽ ആർജിഎസ്എ പദ്ധതി പ്രകാരം താൽക്കാലികാടിസ്ഥാനത്തിൽ നിയമിതരായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ കോവിഡ് 19 പോസിറ്റീവ് ആയ വേളയിലെ ശമ്പളം സംബന്ധിച്ച് ആശയക്കുഴപ്പം നിലനിന്നിരുന്നു. പരാമർശം (4) ഉത്തരവു പ്രകാരം സർക്കാർ ആയതിൽ വ്യക്തത വരുത്തിയിട്ടുണ്ട്.

പരാമർശം (1).(2) ഉത്തരവുകൾ പ്രകാരം കോവിഡ് 19 പോസിറ്റീവ് ആയവർക്കും പ്രാഥമിക സമ്പർക്കപ്പട്ടികയിൽ വന്നവർക്കും 7 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദനീയമാണ്. എന്നാൽ പരാമർശം ( 3) ഉത്തരവിൽ ആയത് കോവിഡ് 19 പോസിറ്റീവ് ആയവർക്കു മാത്രമായും നിജപ്പെടുത്തിയിട്ടുണ്ട്. ടി സ്പെഷ്യൽ കാഷ്വൽ ലീവ് സർക്കാർ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം അനുവദിക്കുന്നതാണ്.

ആയതിനാൽ 2021 ആഗസ്റ്റ് മാസം മുതൽ 2022 മാർച്ച് മാസം വരെ ആർജിഎസ്എ അസിസ്റ്റന്റ്എഞ്ചിനീയർമാരായി സേവനമനുഷ്ഠിച്ചിരുന്നവരിൽ കോവിഡ് 19 പോസിറ്റീവ് പ്രാഥമികസമ്പർക്കപ്പട്ടികയിൽ ഉൾപ്പെട്ട കാരണത്താൽ പ്രസ്തുത വേളയിലെ ശമ്പളം തടയപ്പെട്ടിട്ടുണ്ടെങ്കിൽ ആയതു അനുവദിച്ചു നൽകാവുന്നതാണ്. ആയതിലേയ്ക്ക് ചുവടെ പറയുന്ന നിർദ്ദേശങ്ങൾക്കു വിധേയമായി , നൽകിയിട്ടുള്ള പ്രൊഫോർമയിൽ ടിയാന്മാർക്ക് അർഹമായ ശമ്പളം സംബന്ധിച്ച വിശദ വിവരം ഒരാഴ്ചക്കുള്ളിൽ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

1. 15.09.2021 മുതൽ 21.01.2022 വരെയുള്ള കാലയളവിൽ കോവിഡ് 19 പോസിറ്റീവ് ആയവർക്കും പ്രാഥമിക സമ്പർക്കപ്പട്ടികയിൽ ഉള്ളവർക്കും ആരോഗ്യവകുപ്പിന്റെയോ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെയോ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ

പൊതു അവധി ഉൾപ്പെടെ 7 ദിവസത്തേക്കു മാത്രം സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കാവുന്നതും ആയതു നിയന്ത്രണാധികാരി അനുവദിച്ച ഉത്തരവാകേണ്ടതുമാണ്.

2. 22.01.2022 ന ശേഷം മാർച്ച് 31, 2022 വരെ ടി സ്പെഷ്യൽ കാഷ്വൽ ലീവ് കോവിഡ് 19 പോസിറ്റീവ് ആയവർക്കു മാത്രം ബാധകമായിരിക്കുന്നതാണ്. ആയതും 7 ദിവസത്തേക്കു മാത്രമുള്ളതും സർക്കാർ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലുള്ളതുമായിരിക്കണം.

**പ്രൊഫോർമ**

| നം | പേര് | സ്റ്റേഷൻ | കോവിഡ് 19 പോസിറ്റീവ് /പ്രാഥമിക സമ്പർക്കത്തിൽ വന്ന മാസം | തൻമാസം അനുവദിച്ച ശമ്പളം | അനുവദിക്കാനുള്ള ശമ്പളം | ആകെ |
|---|---|---|---|---|---|---|
| | | | | | | |

| ആധാർ നംമ്പർ | ഫോൺ നമ്പർ | അക്കൌണ്ട് നം IFSC കോഡ് സഹിതം |
|---|---|---|
| | | |

അനുബന്ധം:- പരാമർശ ഉത്തരവുകൾ (Mailed)

ചീഫ് എഞ്ചിനീയർ